# അക്കാദമിക മാസ്റ്റർപ്ലാൻ



## ജി എൽ പി എസ് തുയ്യം

## 2025-26

## ആമുഖം

എടപ്പാൾ ഗ്രാമപഞ്ചായത്തിലെ തുയ്യം എന്ന ഗ്രാമത്തിലാണ് ജി എൽ പി എസ് തുയ്യം സ്ഥിതി ചെയ്യുന്നത്. അറിവിന്റെ അഗ്നിനാളം തെളിയിച്ച തറവാടിന്റെകാരണവരും എടപ്പാൾ തുയ്യത്തിന്റെ നായകനുമായ ശ്രീ .കുട്ടത്തു അയ്യപ്പ  മേസ്തിരി 1927 ൽ ജി എൽ പി സ്കൂൾ തുയ്യം ആരംഭിച്ചു. വെറുമൊരു ഓല ഷെഡിൽ ശ്രീ പൂക്കര കൃഷ്ണൻ നായരുടെ കീഴിൽ ഏകാധ്യാപക വിദ്യാലയമായിട്ടായിരുന്നു തുടക്കം .ക്രമേണ ഒന്നുമുതൽ അഞ്ച് വരെയുള്ള എൽ .പി.സ്കൂളായും പിന്നീട് രണ്ട് ഡിവിഷൻ വീതമുള്ള വിദ്യാലയമായും ഉയർന്നു വന്നു .കാലങ്ങൾ പിന്നിട്ടപ്പോൾ ഓലഷെഡ്ഡുകൾ മാറ്റി നാല് ക്ലസ്സ്മുറികളുള്ള രണ്ട് കെട്ടിടങ്ങളും ലഭിച്ചു . പിന്നീട് ഗവണ്മെന്റ് അക്വേയർ ചെയ്തെടുത്തു .കാലഘട്ടങ്ങൾക്കു ശേഷം ഈ വിദ്യാലയത്തിന് ഒ .ബി .ബി യുടെ രണ്ടു ക്ലസ്സ്മുറികൾ ഉള്ള ഒരു കെട്ടിടം ലഭിച്ചു .1994 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലഘട്ടത്തിൽ ഡി.പി.ഇ.പി.യുടെ വക രണ്ട് ക്ലസ്സ്മുറികൾ ഉള്ള ഒരു വാർപ്പ് കെട്ടിടവും ലഭിക്കുകയുണ്ടായി.നിലവിൽ 6 കെട്ടിടങ്ങളിലായി 14 ക്ലാസ് മുറികൾ ഉള്ള സ്കൂളിൽ അടുക്കള പ്രവർത്തിക്കുന്നതും ഒരു ക്ലാസ് മുറിയിലാണ്.നാലു ക്ളാസ്സ്റൂമുകളിൽ ഒരെണ്ണമാണ് സ്മാർട്ക്ലാസ്സ്റൂം ഉണ്ടായിരുന്നത് .2025 _ 26 അധ്യയനവർഷത്തിൽ രണ്ട് ക്ലാസ്റൂമുകൂടി സ്മാർട്ട് ക്ലാസ്സ്റൂം ആക്കി മാറ്റിയതോടുകൂടി ആകെ 3 സ്മാർട്ട് ക്ലാസ് റൂമുകൾ ഉണ്ട് .കുട്ടികളുടെ വായനാശീലം വളർത്തുന്നതിന്  സ്കൂൾ ലൈബ്രറി കാര്യക്ഷമമായി ഉപയോഗിച്ചു വരുന്നു.കുട്ടികൾ പിറന്നാൾ സമ്മാനമായി ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ നൽകിവരുന്നതും, അമ്മ വായന , അസംബ്ലി പ്രവർത്തനങ്ങൾ തുടങ്ങി നിരവധി വായനശാക്തീകരണ പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നുവരുന്നു.നിലവിൽ 2213 പുസ്തകങ്ങൾ ഉണ്ട്.സ്കൂളിന് വാഹന സൗകര്യം , ഫർണിച്ചർ ലഭ്യത , മികച്ച ക്ലാസ് മുറികൾ എന്നിവ ഉണ്ട്.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ജി . എൽ . പി . സ്കൂൾ തുയ്യം |
| വിലാസം | : പി . ഒ .എടപ്പാൾ , തുയ്യം . പിൻ 679 576 |
| സ്കൂൾ കോഡ് | : 19227 |
| വിദ്യാഭ്യാസഉപജില്ല | : എടപ്പാൾ |
| വിദ്യാഭ്യാസജില്ല | : തിരൂർ |
| റവന്യുജില്ല | : മലപ്പുറം |
| ബി .ആർ .സി | : എടപ്പാൾ |
| സി .ആർ .സി | : ജി . എൽ.പി.സ്കൂൾ എടപ്പാൾ |
| ഗ്രാമപഞ്ചായത്ത് | : എടപ്പാൾ |
| ബ്ലോക്ക് പഞ്ചായത്ത് | : പൊന്നാനി |
| ജില്ലാപഞ്ചായത്ത് | : മലപ്പുറം |
| നിയമസഭാമണ്ഡലം | : തവനൂർ |
| ലോകസഭാമണ്ഡലം | : പൊന്നാനി |
| താലൂക്ക് | : പൊന്നാനി |
| വില്ലേജ് | : എടപ്പാൾ |
| ഇ മെയിൽ | : govtlpsthuyyam@gmail.com |
| വെബ്സൈറ്റ് | : www.glpschoolthuyyam.blogspt.in |

# നേട്ടങ്ങൾ

ഉയർച്ചയുടെ പടവുകൾ താണ്ടിയ ഈ വിദ്യാലയം ഇന്ന് എടപ്പാൾ സബ്ജില്ലയിലെ നിലവാരം പുലർത്തുന്ന വിദ്യാലയങ്ങളിലൊന്നാണ്.പാഠ്യ പാഠ്യേതരവിഷയങ്ങളിൽ ഏറെ പുരോഗതി നേടാൻ സാധിച്ചിട്ടുണ്ട് .വിവിധ ക്വിസ് മത്സരങ്ങളിലും എൽ .എസ് .എസ് സ്കോളർഷിപ് പരീക്ഷകളിലും ഉന്നത വിജയം കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ട് .കലാമേള , ശാസ്ത്രമേള തുടങ്ങിയവയിൽ വിജയത്തിളക്കം നേടാൻ തുയ്യം സ്കൂളിന് കഴിയുന്നുണ്ട് .പഞ്ചായത്ത് തല വായനാമത്സരം ,ലൈബ്രറി കൗൺസിൽ വായനാമത്സരം ,സർഗോത്സവം തുടങ്ങിയ പ്രവർത്തനങ്ങളിൽ  തുയ്യം സ്കൂൾ മുന്നിൽ നിൽക്കുന്നു .തൊണ്ണൂറ്റിയാറ് സെന്റ് സ്ഥലമുള്ള ഈ വിദ്യാലയത്തിന് ചുറ്റുമതിലുണ്ട്.പ്രവേശനകവാടം എടപ്പാൾ പൊന്നാനി മെയിൻറോഡിനഭിമുഖമായാണ് സ്ഥിതി ചെയ്യുന്നത്.കുട്ടികൾക്ക് കളിക്കാൻ ആവശ്യമായ സ്ഥലം സ്കൂൾ കോമ്പൗണ്ടിനുള്ളിൽ ലഭ്യമാണ്.തണൽ മരങ്ങൾ നിറഞ്ഞു നിൽക്കുന്ന കോമ്പൗണ്ടിൽ വറ്റാത്ത കിണറും ശൗചാലയങ്ങൾ, ടാപ്പ് സമുച്ചയങ്ങൾ എന്നിവയുമുണ്ട്.ആത്മാർത്ഥതയും അർപ്പണബോധവുമുള്ള അധ്യാപകരുടെയും പി.ടി.എ ,എം .ടി .എ ,  എസ് .എം. സി തുടങ്ങിയവരുടെയും കൂട്ടായ പ്രവർത്തനമാണ് സ്കൂളിന്റെ അടിത്തറ.

# പരിമിതി

തുയ്യം പ്രദേശത്തുള്ള കുട്ടികളിൽ വലിയൊരു വിഭാഗം,സ്കൂളിനടുത്തുള്ള അൺ എയ്ഡഡ് വിദ്യാലയങ്ങളിലേക്ക് പോകുന്നതിനാൽ കുട്ടികൾ കുറയുന്നു എന്നതാണ് സ്കൂളിന്റെ ഏറ്റവും പ്രാധന പരിമിതികളിലൊന്ന് .ഇംഗ്ലീഷ് മീഡിയം ഇല്ലാത്തതുകൊണ്ടാണ് കുട്ടികൾ മറ്റു സ്ഥാപനങ്ങളിലേക്ക് പോകുന്നതെന്നാണ്സ്ഥലവാസികളുടെ അഭിപ്രായം .സ്കൂളിലെ അടുക്കള,ക്ലാസ് മുറിയിലാണ് പ്രവർത്തിക്കുന്നത് .ഇത് മറ്റൊരു പരിമിതിയാണ് .സ്കൂൾ കോമ്പൗണ്ടിനുള്ളിൽ ചുറ്റുമതിലിനോട് ചേർന്നുള്ള ഭാഗങ്ങളിൽ പുൽക്കാട് വളർന്നു വരുന്നത് നിലവിൽ സ്കൂളിന്റെ മറ്റൊരു പരിമിതിയാണ് . വർഷത്തിൽ ശരാശരി 3 തവണയെങ്കിലും പുൽക്കാട് വെട്ടി മാറ്റുന്നുണ്ടെങ്കിലും അത് ശക്തമായി തിരിച്ചു വരുന്ന അവസ്ഥയാണ് .കുട്ടികളുടെ എണ്ണക്കുറവ് ഇതിനുള്ള പ്രധാനകാരണവുമാണ്.

# <u>കാഴ്ചപ്പാട് (2025 - 2030)</u>

- വൈവിധ്യമാർന്ന കളി ഉപകരണങ്ങളുടെ ലഭ്യത
- പ്രീപ്രൈമറി ആകർഷകമാക്കൽ
- എല്ലാ ക്ലാസ്സ്‌റൂമുകളിലും സൗണ്ട് സിസ്റ്റം
- ഫീൽഡ് ട്രിപ്പ് - ക്ലാസ് പ്രവർത്തനം
- എല്ലാ ക്ലാസ്സ്‌റൂമുകളും ഹൈ ടെക്ക്
- എല്ലാ ക്ലാസുകളും 2 ഡിവിഷൻ വീതം
- ചിൽഡ്രൻസ് പാർക്ക്
- ജൈവ വൈവിധ്യ ഉദ്യാനം
- വിപുലമായ പച്ചക്കറിത്തോട്ടം
- ഔഷധത്തോട്ടം
- സ്കൂൾ മുറ്റം ഇന്റർ ലോക്കിങ്
- ഡൈനിങ് ഹാൾ ,റീഡിങ് റൂം
- കുട്ടികളുടെ പഠനോപകരണങ്ങൾ സൂക്ഷിക്കാനുള്ള സൗകര്യം
- ശാസ്ത്ര ,ഗണിത ശാസ്ത്ര ,സാമൂഹ്യ ശാസ്ത്ര ലാബ്
- ലൈബ്രറി ശാക്തീകരണം .
- ആധുനിക സൗകര്യങ്ങളോടു കൂടിയ കിച്ചൺകം സ്റ്റോർ റൂം

# <u>പൊതു ലക്ഷ്യങ്ങൾ</u>

- ഒന്ന് മുതൽ നാല് വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും നൈപുണികളും ഓരോ കുട്ടികളുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.

- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുകയും മാലിന്യനിർമാർജനം ഒരു സംസ്കാരമായി രൂപപ്പെടുത്തുകയും ചെയ്യുക .

- ക്ളാസ് മുറികളിൽ ഐ സി ടി അധിഷ്ഠിതക്ലാസ്സ്കൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖപഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനംകാര്യക്ഷമമാക്കുക

- പഠനം ആകർഷകവും സർഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതികസൗകര്യങ്ങൾ വികസിപ്പിക്കുക .

- സ്കൂൾ ലൈബ്രറി ,ക്ലാസ് ലൈബ്രറി എന്നിവ ആധുനികവത്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കുക .

- പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലേ കണ്ടെത്തി ആവശ്യമായ പിന്തുണാപ്രവർത്തനങ്ങൾ നൽകുക .

- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന ഉദ്ദേശ്യത്തോടെ ജൈവവൈവിധ്യ ഉദ്യാനം എന്ന ആശയം നടപ്പാക്കുക .

- സ്കൂൾ തലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചക്ക് ഉതകുന്നവിധം പ്രയോജനപ്പെടുത്തുക.
- വിദ്യാലയ ക്യാമ്പസ് മദ്യ-മയക്കുമരുന്ന് വിമുക്തമാക്കുക
- വിദ്യാലയത്തിൽ ഗ്രീൻ പ്രോട്ടോകോൾ കാര്യക്ഷമമായി നടപ്പിലാക്കുക
- പാഴ് വസ്തുക്കൾ പരിപാലന പദ്ധതികൾ - ശുചിത്വ വിദ്യാലയം ഹരിതവിദ്യാലയം - കാര്യക്ഷമമായി നടപ്പിലാക്കുക
- ഭരണഘടനാ മൂല്യങ്ങളുടെ സ്വാശീകരണം , ആരോഗ്യകരമായ ജീവിത ശൈലി ശീലിപ്പിക്കൽ തുടങ്ങിയ ഘടകങ്ങൾക്ക് ഊന്നൽ നൽകാനുള്ള പ്രവർത്തന പദ്ധതികൾ തയ്യാറാക്കുക

# അക്കാദമിക ലക്ഷ്യങ്ങൾ

## ഭാഷാവികസനം

1. എല്ലാ കുട്ടികളെയും ആശയഗ്രഹണത്തോടെ വായിക്കുന്നതിനും എഴുതന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ളാസ്സുകൾക്കനുയോജ്യമായ തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്ന് ഉറപ്പുവരുത്തുക .
3. കുട്ടികളിൽ സാഹിത്യഅഭിരുചി വളർത്തുക.
4. ഭാഷാശേഷി വികസനത്തിനായി ആധുനികസാങ്കേതികവിദ്യ പ്രയോജനയപ്പെടുത്തുക.
5. മികച്ച വായനശീലം വളർത്തുക.
6. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക.
3. ഓരോ ക്ലാസിനും ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്താൻ അവസരം നൽകുന്നു .
4. സ്വതന്ത്ര വായനക്കും എഴുത്തിനും സജ്ജരാക്കുക.

5. സാങ്കേതികവിദ്യ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

6. ക്ലാസ്സ് തല വായനാമൂല ,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകകങ്ങൾ സജ്ജീകരിക്കുക.

# പരിസരപഠനം

1. ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുക.ശാസ്ത്രബോധം ,ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക.

2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

3. ശാസ്ത്രീയ പ്രക്രിയ ശേഷികൾ വികസിപ്പിക്കുക.ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ശാസ്ത്ര ലാബ് സജ്ജമാക്കുക.

# ഗണിതം

1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

3. ക്ലാസ്തല ഗണിതലാബ് ശാക്തീകരിക്കുക.

4. ഓരോ ക്ലസ്സിലും കരിക്കുല വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്ന് ഉറപ്പാക്കുക.

5. ആധുനിക സാങ്കേതിക വിദ്യ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക .

6. ഗണന ചിന്ത ,യുക്തി ചിന്ത ,വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക .

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.
2. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പുവരുത്തുക.
3. ഭാഷാപഠനത്തിൽ ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തുക .

## പ്രവർത്തി പരിചയം

1. ഇതര വിഷയങ്ങളുമായി പ്രവർത്തി പരിചയ അനുഭവത്തെ ബന്ധിപ്പിക്കുക.
2. നിർമാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക .
3. പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകാരണങ്ങളോ മറ്റു പ്രയോജനകരമായ ഉത്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കാലാഭിരുചി വളർത്തുക.
3. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാ പഠനത്തിൽ ഉപയോഗപ്പെടുത്തുക.

# ആരോഗ്യ കായിക വിദ്യാഭ്യാസം

1. എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.

2. ആരോഗ്യശീലങ്ങൾ വളർത്തുക.

3. മനസ്സിന്റെയും ശരീരത്തിന്റെയും ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏതു ലക്ഷ്യവും കൈവരിക്കാൻ പ്രാപ്തരാക്കുക.
4. കളിയുപകരണങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കളികളിൽ ഏർപ്പെടാനുള്ള ശീലം ഉണ്ടാക്കുക

# പ്രവർത്തന പദ്ധതികൾ

**മലയാളം**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1 .പ്രീ ടെസ്റ്റ്<br>2 .അക്ഷരങ്ങൾ ഉറപ്പിക്കൽ ,ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>3 .അക്ഷരക്കാർഡുകൾ നൽകി വാക്ക നിർമ്മാണം ,വാക്കുകളിൽ നിന്ന് വാക്യ നിർമ്മാണം.<br>4 .ചിത്രങ്ങൾക്ക് അടിക്കുറിപ്പ് തയ്യാറാക്കൽ .<br>5 .കഥയുടെ ബാക്കി കണ്ടെത്തി പറയൽ, എഴുതൽ .<br>6 .കമ്പ്യൂട്ടറിൽ ഫയൽ ചിത്രങ്ങൾ നൽകി ബാക്കി എഴുതൽ .<br>7 .ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് .<br>8 .മലയാളത്തിളക്കം<br>9.വർക്ക് ഷീറ്റുകൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | ക്ളാസ് ടീച്ചർ, തദ്ദേശസ്വയംഭരണസ്ഥാപനം | 10000 |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1 .പ്രഭാത അസംബ്ലി - ഓരോ ക്ലാസ്സും മാറി മാറി അസംബ്ലി അവതരിപ്പിക്കുന്നു.പത്രവാർത്ത ,വായനക്കുറിപ്പ് ,ഇന്നത്തെ ചിന്താ വിഷയം ഇവ കൂടാതെ ക്ലാസ് തലത്തിലുള്ള ആവിഷ്കാരപ്രവർത്തനങ്ങൾ.അസംബ്ലി രജിസ്റ്റർ ഡോക്യുമെന്റേഷൻ<br>2 .ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ.<br>3 .വായനാമൂല - ക്ലാസ്സ് ലൈബ്രറി ശാക്തീകരണം.<br>4 .സ്കൂൾ ലൈബ്രറി നവീകരണം , | ജൂൺ മുതൽ മാർച്ച് വരെ | പി ടി എ , തദ്ദേശസ്വയംഭരണസ്ഥാപനം, വായനശാലകൾ | 5000 |

| | | | | |
|---|---|---|---|---|
| | സമീപ ഗ്രന്ഥശാലയിൽ അംഗത്വമെടുക്കൽ.<br>5 .വായനോത്സവം സംഘടിപ്പിക്കൽ.<br>6 .പത്രവായന,അമ്മവായന,വായന ക്കുറിപ്പ<br>7 .വിദ്യാരംഗം കലാ സാഹിത്യ വേദി പ്രവർത്തനങ്ങൾ | | | |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക . | 1 .ബാലമാസികകൾ വായന ,വായിച്ചപുസ്തകങ്ങളെക്കുറിച്ച ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.<br>2 .വായനസാമഗ്രികൾ വികസിപ്പിക്കൽ<br>3 .എഴുത്തുകൂട്ടം രൂപീകരണം<br>4 .വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5 .ചുമർപത്രിക ,കയ്യെഴുത്തു മാഗസിൻ, എന്നിവ തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ ,<br>പി ടി എ,<br>തദ്ദേശസ്വയംഭര ണസ്ഥാപനം,<br>വായനശാലകൾ | 1000 |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പരമായിട്ടുള്ള പിന്നോക്കാവസ്ഥ പരിഹരിക്കൽ പ്രവർത്തനങ്ങൾ | 1 .അടിസ്ഥാനാശയങ്ങൾ പട്ടികപ്പെടുത്തി പ്രീ ടെസ്റ്റ് മൂല്യനിർണയം തയ്യാറാക്കി നടത്തൽ .<br>2 .സംഖ്യാബോധം ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങളിൽ വർക്ക് ഷീറ്റ് | ജൂൺ മുതൽമാർച്ച് വരെ | ക്ലാസ്സ് ടീച്ചർ,<br>പി ടി എ,<br>ഗണിതക്ലബ്ബ്, | 7000 |

| | | | | |
|---|---|---|---|---|
| | നൽകൽ .<br>3 .ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ .<br>4 .ക്യാമ്പുകൾ ,ശില്പശാലകൾ എന്നിവ സംഘടിപ്പിക്കൽ ,ഗണിതലാബ് ഉപയോഗപ്പെടുത്തൽ | | തദ്ദേശസ്വയംഭരണസ്ഥാപനം | |
| ഗണിതാസ്വാദനം | 1 .പാഠങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്യുന്നു.<br>2 .ക്വിസ് ,പസിൽസ് ,കുസൃതിക്കണക്കുകൾ ,എന്നിവ കണ്ടെത്തി ആസൂത്രണം ചെയ്യുന്നു.ഐ സി ടി സാധ്യത പ്രയോജനപ്പെടുത്തുന്നു .ഗണിതലാബ് ശാക്തീകരണം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 2000 |
| ഗണിതലാബ് | 1.ഗണിതവുമായി ബന്ധപ്പെട്ട ബുക്കുകൾ, വർക്കിങ് മോഡൽ, ചിത്രങ്ങൾ ,മെട്രിക് ഉപകരണങ്ങൾ ,അബാക്കസ്, ജ്യാമിതീയ രൂപങ്ങൾ എന്നിവ ഒരുക്കുക.<br>2.ടാൻഗ്രാം നിർമിക്കുക .<br>3.എല്ലാകുട്ടികൾക്കും ഗണിതപ്പെട്ടി - കളി നോട്ടുകൾ ,രൂപങ്ങൾ ,അബാക്കസ്,ഈർക്കിളുകൾ മറ്റു ഗണിത വസ്തുക്കൾ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ, ഗണിതക്ലബ്ബ് | 5000 |

## പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജൈവവൈവിധ്യ ഉദ്യാനം | 1.ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം,ഫലവൃക്ഷതൈകൾ | ജൂൺ മുതൽ മാർച്ച് വരെ | പി ടി എ ,സഹായ | 10000 |

| | | | | |
|---|---|---|---|---|
| (നിരീക്ഷണം , വർഗ്ഗീകരണം , താരതമ്യം) | ചെടികൾ വച്ചുപിടിപ്പിക്കൽ,ഉദ്യാന പരിപാലനം.<br>2.ഔഷധത്തോട്ട നിർമാണം.<br>3.പച്ചക്കറികൃഷി വിപുലീകരിക്കൽ | | സംഘടനകൾ,പൊതുവിദ്യാഭ്യാസവകുപ്പ് | |
| ഇംഗ്ലീഷ് ഭാഷ പഠനം മെച്ചപ്പെടുത്തൽ | 1 .ആഴ്ചയിലൊരിക്കൽ ഓരോ ക്ലാസ്സിന്റെയും ഇംഗ്ലീഷ് അസംബ്ലി . (ന്യൂസ് റീഡിങ് ,തോട്സ് ഓഫ് ദ ഡേ ,ബുക്ക് റിവ്യൂ ,റോൾ പ്ലേ ,സ്കിറ്റ് ,കോറിയോഗ്രാഫി ,)<br>2 .സ്പോകൺ ഇംഗ്ലീഷ് ക്ലാസ് , ഇംഗ്ലീഷ് ഫെസ്റ്റ് | ജൂൺ മുതൽ മാർച്ച് വരെ | പി ടി എ,ക്ലാസ്സ് ടീച്ചർ,സഹായ സംഘടനകൾ, ഇംഗ്ലീഷ് ക്ലബ്ബ് | 5000 |

# ഉപസംഹാരം

സ്കൂളിന്റെ പ്രധാന പരിമിതികളിലൊന്നാണ് കുട്ടികളുടെ കുറവ് .ഇതിനെ മറികടക്കുന്നതിനുതകുന്ന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് .ഇംഗ്ലീഷ് അസംബ്ലി,ദൈനംദിന അസംബ്ലി എന്നിവയിലൂടെ കുട്ടികളുടെ ഭാഷാ പ്രകടനങ്ങൾ മികവുറ്റതാക്കാൻ സാധിക്കുന്നു. ഓരോ കുട്ടിയുടെയും ഇംഗ്ലീഷ് പഠനവും പ്രകടനങ്ങളും മെച്ചപ്പെടുത്തി ഉന്നത നിലവാരത്തിലേക്കെത്തിക്കാനും.

സമൂഹത്തിലേക്കെത്തിക്കാനും കഴിയുന്നു.അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിലൂടെ സമൂഹത്തെ സ്കൂളിലേക്കെത്തിക്കാനും ഇങ്ങനെ മറ്റു സ്കൂളുകളിലേക്ക് പോകുന്ന കുട്ടികളെ നമ്മുടെ സ്കൂളിലേക്ക് ആകർഷിച്ചു  കൊണ്ടുവരാനും കഴിയുന്നു .ഗൃഹ സന്ദർശനങ്ങളും മികവുത്സവങ്ങളും കുട്ടികളെ സ്കൂളിലേക്ക് എത്തിക്കാനുള്ള മികച്ച തന്ത്രങ്ങളായി ഏറ്റെടുത്ത് നടപ്പിലാക്കുന്നു.തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിരന്തരമായി ബന്ധപ്പെട്ടുകൊണ്ട് സ്കൂളിന് കിച്ചൺ കം സ്റ്റോർറൂം നിർമ്മിക്കാനുള്ള നടപടികൾക്ക് തുടക്കമിട്ടിട്ടുണ്ട്.ചിൽഡ്രൻസ് പാർക്ക്, വിപുലീകരിച്ച പച്ചക്കറിത്തോട്ടം, ജൈവ വൈവിധ്യ ഉദ്യാനം,ഔഷധത്തോട്ടം, മുറ്റം  ഇന്റർലോക്കിംഗ് ,പ്ലേഗ്രൗണ്ട് നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിലവിൽ വരുന്നതോടുകൂടി സ്കൂളിന്

ചുറ്റുമുള്ള പുൽക്കാടുകൾ ഇല്ലാതാവുകയും സ്കൂൾ സുരക്ഷിത വിദ്യാലയം, ഹരിത വിദ്യാലയം എന്നീ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നു.നിലവിൽ ഹരിതകർമ്മസേന ബൂത്തുകൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിലൂടെ പ്ലാസ്റ്റിക് മാലിന്യവിമുക്ത ക്യാമ്പസ് എന്ന ലക്ഷ്യത്തിലെത്തിയിട്ടുണ്ടെങ്കിലും ജൈവമാലിന്യ സംസ്കരണത്തിന് ബയോ ബിൻ സംവിധാനം മാത്രമാണ് ഉപയോഗിക്കുന്നത്. സ്കൂളിൽ തുമ്പൂർമുഴി മോഡൽ മാലിന്യസംസ്കരണ പ്ലാന്റ് ഉണ്ടെങ്കിലും അത് പ്രവർത്തനക്ഷമമല്ലാത്ത സാഹചര്യമാണുള്ളത്. അത് പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സഹകരണത്തോടെ സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമമായാൽ ശുചിത്വ വിദ്യാലയം എന്ന ലക്ഷ്യം പൂർണമായി കൈവരിക്കാൻ സ്കൂളിന് സാധിക്കുന്നതാണ്.